# ഭിന്നശേഷി കർതൃത്വങ്ങളും നിർവാഹകത്വവും—
## തെരഞ്ഞെടുത്ത നോവൽ പാഠങ്ങളുടെ വിമർശനാത്മക അപഗ്രഥനം

**ആതിര എ.കെ.**
ഗവേഷക, തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല, തിരൂർ

### പ്രബന്ധസംഗ്രഹം

പൂർണം/അപൂർണം, സാധാരണം/അസാധാരണം എന്നീ ദ്വന്ദ്വങ്ങളിൽ നിന്നുകൊണ്ട്, പൂർണതയെ നിയാമകമാക്കി, അതിനെ ഒരു ഏകതയായി ക്കണ്ട് അതിൽനിന്ന് വ്യത്യസ്തമായതിനെയെല്ലാം പരിമിതിയുള്ളതായി മനസ്സിലാക്കുന്ന രീതിയെ ഭിന്നശേഷി പഠനങ്ങൾ വിമർശനാത്മകമായി നോക്കുന്നു. അംഗപരിമിതി എന്നത് വ്യക്തിയുടെ ശരീരത്തിനോ മനസ്സിനോ ഉണ്ടാകുന്ന ഭൗതികമായ കുറവാണ്. ഭാഷയടക്കമുള്ള വ്യവഹാരങ്ങളിലെ അധീശത്വപരമായ ഇടപെടലുകൾ, ഭിന്നശേഷി എന്നത് സ്വയം പര്യാപ്തതയില്ലായ്മയും കർതൃത്വമില്ലായ്മയുമാണെന്ന ധാരണ ഉണ്ടാക്കിയെടുക്കാനും അസ്തിത്വപരമായി അപൂർണമായ അവസ്ഥയായി കാണാനും കാരണമായി. അംഗപരിമിതിയുമായി ബന്ധപ്പെട്ട ഈ സമീപനത്തെ സാമൂഹികതയോട് ബന്ധിപ്പിച്ച് അതിനെ സാമൂഹ്യശാസ്ത്രപരമായ വിഷയമായി നോക്കിക്കാണുകയാണ് ഭിന്നശേഷി പഠനങ്ങൾ ചെയ്യുത്. കർതൃത്വം എന്നാൽ പൂർവ്വനിർമ്മിതമായ പദവിയോ സ്ഥാനമോ ആണ്. ഏതൊരു സാംസ്കാരികമണ്ഡലത്തിലും അതിനു മുന്നോടിയായിത്തന്നെ നിലനിൽക്കുന്നതാണ് കർതൃത്വം. പൂർവ്വനിർണയനം ചെയ്യപ്പെട്ടതെങ്കിലും കർത്താവിന് തന്റെ കർതൃസ്ഥാനത്തെപ്പറ്റി വിമർശനാത്മകമായി ചിന്തിക്കാനുള്ള ശേഷിയുണ്ട്. തന്നെ പരിവർത്തിപ്പിക്കാനുള്ള ഈ ശേഷിയെ സൂചിപ്പിക്കാനാണ് നിർവാഹകത്വം അഥവാ ഏജൻസി എന്ന വാക്ക് ഇവിടെ ഉപയോഗിച്ചിട്ടുള്ളത്. കർതൃപഠനങ്ങളുടെ കേന്ദ്ര ആശയംതന്നെ കർതൃത്വം സ്ഥിരമല്ല, ചലനാത്മകമാണ് എന്നതാണ്. എന്നാൽ നോവൽ

അടക്കമുള്ള വ്യവഹാരങ്ങൾ ഭിന്നശേഷികർതൃത്വങ്ങളെ ധൈഷണികമായി കഴിവില്ലാത്തവരായും ഉൽപാദനക്ഷമതയില്ലാത്തവരായും അങ്ങനെ നിശ്ചലമായ ഒന്നായുമാണ് ആവിഷ്കരിച്ചിട്ടുള്ളത്. ഭിന്നശേഷിപഠനങ്ങൾ കർതൃപഠനങ്ങളുമായും ശരീരപഠനങ്ങളുമായും കണ്ണിചേരുന്നതും ഈയൊരു ആലോചനാപരിസരത്തിലാണ്. ഭിന്നശേഷിക്കാരായ വ്യക്തികൾ കഥാപാത്രങ്ങളായി വരുന്ന ആഖ്യാനങ്ങളിൽക്കാണുന്ന ചില പൊതു പ്രവണതകളെ വിമർശനാത്മകമായി വിശകലനം ചെയ്തുകൊണ്ട്, പൂർണ്ണമനുഷ്യസങ്കല്പത്തിനു പുറത്തുള്ള കർതൃത്വങ്ങളായി നിർമ്മിക്കപ്പെടുന്നതിലൂടെ ഭിന്നശേഷികർതൃത്വങ്ങൾ അപരവൽക്കരിക്കപ്പെടുന്നതിന്റെ രാഷ്ട്രീയമാണ് ഈ പ്രബന്ധത്തിൽ അന്വേഷിക്കുന്നത്. അഞ്ച് നോവലുകളാണ് പഠനത്തിനായി തിരഞ്ഞെടുത്തിരിക്കുന്നത്. ജോർജ് ഓണക്കൂറിന്റെ കാമന, എൻ പി മുഹമ്മദിന്റെ ദൈവത്തിന്റെ കണ്ണ്, സി രാധാകൃഷ്ണന്റെ ഒറ്റയടിപ്പാതകൾ, സംഗീത ശ്രീനിവാസന്റെ ആസിഡ്, സുഭാഷ് ചന്ദ്രന്റെ സമുദ്രശില എന്നീ നോവലുകളിൽനിന്നും സന്ദർഭങ്ങളെ സ്വീകരിച്ചാണ് വിശകലനം നടത്തിയിരിക്കുന്നത്. .

**താക്കോൽ വാക്കുകൾ:** ഭിന്നശേഷി (disability), ആധുനികത (modernity), കർതൃത്വം (subjectivity), നിർവാഹകത്വം (Agency), കാമന (desire), ലൈംഗികത (sexuality)

## 1

പല അടരുകളുള്ള പരികല്പനയാണ് കർതൃത്വം. ആധുനികതയുടെ കാലം മുതൽ കർതൃത്വത്തെക്കുറിച്ചുള്ള ചിന്തകളും വികസിച്ചുവന്നു. കർതൃത്വം പ്രത്യയശാസ്ത്രപരമായി നിർമ്മിക്കപ്പെടുന്നതാണെന്നും ഭാഷണക്രിയയിലൂടെ ഉൽപാദിപ്പിക്കപ്പെടുന്നതാണെന്നും വ്യവഹാരങ്ങളിലൂടെ സൃഷ്ടിക്കപ്പെടുന്നതാണെന്നുമുള്ള വാദങ്ങൾ നിലനിൽക്കുന്നുണ്ട്. 'സ്വയം തിരിച്ചറിവിന്റെയും അപരത്വത്തിന്റെയും ഘടകങ്ങൾ അതിൽ പ്രവർത്തിക്കുന്നുണ്ട്. അതേസമയം കർതൃത്വം എന്നത് സാമൂഹിക സ്ഥാപനങ്ങളുടെ ഒരു നിർമ്മിതി കൂടിയാണ്. കർതൃത്വത്തിന് ശരീരനിഷ്ഠമായ മാനങ്ങളുമുണ്ട്. സമകാലം വരെ നീണ്ടുനിൽക്കുന്ന പലതരം ആശയങ്ങൾ കർതൃത്വം എന്ന സങ്കല്പത്തെ ചൂഴ്ന്നു നിൽക്കുന്നു' (2020: 114). ആത്മം, സ്വത്വം എന്നിവ സമാനാർത്ഥത്തിൽ ഉപയോഗിച്ചുപോരുന്നുണ്ടെങ്കിലും അവയെ കവിഞ്ഞു നിൽക്കുന്ന ചില അർത്ഥ സാധ്യതകൾ കർതൃത്വത്തിലുണ്ട്.

അധികാരത്തിനു കീഴ്പ്പെട്ടു നിൽക്കുന്ന പദവി, സാമൂഹികനിർമ്മിതി എന്ന അർത്ഥത്തിലാണ് ഈ പ്രബന്ധത്തിൽ കർതൃത്വം എന്ന ആശയം ഉപയോഗിക്കുന്നത്.

കർതൃത്വത്തിന്റെ പരിവർത്തനക്ഷമതയുമായി ബന്ധപ്പെട്ടതാണ് ഏജൻസി/നിർവാഹകത്വം എന്ന സങ്കല്പം. കർതൃത്വം സ്ഥിരമല്ല, അതിനെ മാറ്റാൻ കഴിയും എന്ന ധാരണയാണ് ഇതിന്റെ അടിസ്ഥാനം. കർതൃത്വ ത്തെക്കുറിച്ചും മനുഷ്യ ഏജൻസിയെപ്പറ്റിയുമുള്ള ചിന്തകൾ സമാന്തരമായി വികസിച്ചു വന്നതാണ്. 'ഒരാൾ കഠിനമായി ചിന്തിക്കുകയും പ്രവർത്തിക്കു കയും ചെയ്താൽ അയാൾക്ക് അയാളുടെ ആത്മത്തെ പരിവർത്തിപ്പിക്കാൻ കഴിയും' (2004: 21) എന്ന് റെനെ ദെക്കാർത്ത് പറയുമ്പോൾ 'ഇച്ഛയ്ക്കനുസ രിച്ച് സ്വയം നിർമ്മിക്കാനും അഴിച്ചു പണിയാനും സാധിക്കുന്ന മനുഷ്യരുടെ ശേഷിയെയാണ് അത് സൂചിപ്പിക്കുന്നത്. ആധുനിക സമൂഹത്തിലാണ് സ്വത ന്ത്രമായി ജീവിക്കുന്ന വ്യക്തി രൂപപ്പെടുന്നത്. താൻ ജീവിക്കുന്ന സന്ദർഭത്തെ വിമർശനാത്മകമായി നോക്കിക്കാണാനുള്ള കഴിവ് അയാൾക്കുണ്ട്. തന്നെ ക്കുറിച്ചും ചുറ്റുമുള്ള ലോകവുമായി താൻ സൃഷ്ടിക്കുന്ന ബന്ധത്തെക്കുറിച്ചും ആത്മ പ്രതിഫലനാത്മകമായി ചിന്തിക്കാൻ ശേഷിയുള്ള ഈ മനുഷ്യ കർതൃ ത്വത്തെയാണ് ആധുനികതയുടെ ദർശനങ്ങളിലും ഭരണകൂടരൂപങ്ങളിലും ശിക്ഷണരൂപങ്ങളിലും കാണാനാവുന്നത്. ഈ ദെക്കാർത്തിയൻ കർതൃത്വം ദൈവത്തിലും മതത്തിലുമുള്ള മനുഷ്യരുടെ ആശ്രിതത്വത്തെ നിഷേധിക്കുന്നു (1989: 159, 160). ക്രമമായ പ്രവൃത്തികളിലൂടെ, ചിട്ടയായ പരിശീലനത്തിലൂടെ ഒരാൾക്ക് തന്നെത്തന്നെ നിർമ്മിക്കാനും മാറ്റിയെടുക്കാനും കഴിയുമെന്നുള്ള ദെക്കാർത്തിയൻ സങ്കല്പത്തിലാണ് മനുഷ്യ ഏജൻസിയുമായി ബന്ധപ്പെട്ട ആലോചനകളുടെ തുടക്കം. കർതൃത്വം നിർവാഹകത്വം എന്നീ സങ്കല്പങ്ങളെ കുറേക്കൂടി കൃത്യതപ്പെടുത്താൻ പിന്നീട് ലക്കാനിയൻ മനഃശാസ്ത്ര പഠനങ്ങൾക്ക് സാധിക്കുന്നുണ്ട്. ലക്കാൻ നിർവാഹകത്വത്തെ ആത്മനിയന്ത്രണത്തിനുള്ള ആഗ്രഹവുമായി ബന്ധിപ്പിക്കുന്നു. അദ്ദേഹത്തിന്റെ കാഴ്ചപ്പാടിൽ സ്വയം പൂർണ്ണ തയിലെത്താനുള്ള ശ്രമമാണ് മനുഷ്യകർതൃത്വം. എല്ലായ്പ്പോഴും അധികാരവും അധികാരമില്ലായ്മയും അതിന് തടസ്സമാകുകയും ചെയ്യുന്നു. അപരത്തിന്റെ സാന്നിധ്യത്തിൽ ഒരാൾക്ക് തന്നെത്തന്നെ പരിഷ്കരിക്കാൻ സാധിക്കുന്നുവെ ന്നതാണ് ലക്കാനിയൻ കർതൃത്വത്തിന്റെ പ്രത്യേകത. (2004: 80) ലക്കാനിയൻ മനഃശാസ്ത്രത്തിലെ 'കണ്ണാടിഘട്ടം' (mirror stage) അപരനിലൂടെ തിരിച്ചറിയ പ്പെടുന്ന ആത്മത്തെയാണ് സൂചിപ്പിക്കുന്നത്.

വ്യാവഹാരിക മണ്ഡലത്തിൽ വരുന്ന മാറ്റങ്ങൾക്കനുസരിച്ച് കർതൃത്വം പരിണമിക്കുമെന്ന് മിഷേൽ ഫൂക്കോ കരുതുന്നു. തന്നെ രൂപപ്പെടുത്തിയ വ്യാ വഹാരിക ബന്ധങ്ങളെക്കുറിച്ച് ചിന്തിക്കാൻ ശേഷിയുള്ള, താൻ ജീവിക്കുന്ന

സമൂഹത്തെപ്പറ്റി ചിന്തിക്കാൻ ശേഷിയുള്ള, തനിക്ക് ലഭ്യമായിട്ടുള്ള ചിലത് തിരഞ്ഞെടുക്കാൻ ശേഷിയുള്ളയാളാണ് ഫൂക്കോവിയൻ കർതൃത്വം (2004:95). ഫൂക്കോയെ സംബന്ധിച്ച് കീഴടങ്ങലിലൂടെ രൂപപ്പെടുന്ന കർതൃത്വം ഒരു സവിശേഷ സന്ദർഭത്തിന്റെ ഉല്പന്നമല്ല (1997: 93) അതൊരു തുടർച്ചയായ പ്ര ക്രിയയാണെന്നും ആവർത്തനമാണ് അതിന്റെ പ്രത്യേകതയെന്നും അദ്ദേഹം കരുതുന്നു. എല്ലായിപ്പോഴും പ്രതിരോധത്തിന്റെയും വിപ്ലവത്തിന്റെയും എതിർ പ്പിന്റെയും സാധ്യതകളുള്ള മൂർത്തമായ മനുഷ്യൻ തന്നെയാണ് ഇവിടെയും മാറ്റത്തിന്റെ ചാലകശക്തി.

കർതൃത്വത്തിൽനിന്ന് വ്യതിരിക്തമായ സങ്കല്പനമായി നിർവാഹകത്വ ത്തെ അടയാളപ്പെടുത്തിയതും കർതൃത്വത്തെ പരിണമിപ്പിക്കാനുള്ള മനുഷ്യ സാധ്യത എന്ന നിലയിൽ അതിനെ ഉറപ്പിച്ചെടുത്തതും ജൂഡിത് ബട്ലറാണ്. കർതൃത്വം എന്ന അടഞ്ഞ സങ്കല്പത്തിനകത്ത് പ്രത്യാശയുടെ ഒരംശം കണ്ടെ ത്തുകയാണ് ബട്ലർ ചെയ്തത്.

കർത്താവിന് അഥവാ കർതൃത്വത്തിന് എത്രമാത്രം അതിജീവനക്ഷമ തയുണ്ട് എന്നതുമായി ബന്ധപ്പെട്ട ആശയമാണ് ഏജൻസി എന്ന് ജൂഡിത് ബട്ലർ തന്റെ ജന്റർ ട്രബിൾ എന്ന പുസ്തകത്തിൽ അഭിപ്രായപ്പെടുന്നുണ്ട് (1999: 182).' ഏത് സാംസ്കാരിക സന്ദർഭത്തിലും കർത്താവിന് ആ സംസ്കാരം നിർമ്മിച്ചു കൊടുത്ത പദവിയാണ് കർതൃത്വം. ആ പദവിയിലിരിക്കുന്ന ഒരാൾക്ക് തന്റെ പദവിയെപ്പറ്റിയും സന്ദർഭത്തെപ്പറ്റിയും അതിനെ രൂപപ്പെടുത്തിയ അധികാരപരിസരത്തെക്കുറിച്ചും പര്യാലോചിക്കാനുള്ള ശേഷിയുണ്ട്. ഈ ശേഷിയാണ് ഏജൻസി/നിർവാഹകത്വം. സംസ്കാരത്താലോ വ്യവഹാര ത്താലോ നിർണയിക്കപ്പെടുന്നതല്ല ഏജൻസി. കർതൃത്വം എന്നത് പൂർവ്വ നിർമ്മിതമായ സ്ഥാനമാണെങ്കിലും അതിനെ വിമർശനാത്മകമായി നോക്കി ക്കാണാൻ കഴിയുന്ന ,ചോദ്യം ചെയ്യാൻ കഴിയുന്ന സാധ്യതയാണ് ഏജൻസി' (1999: 182). ഇവ തമ്മിലുള്ള സംഘർഷമാണ് വാസ്തവത്തിൽ വ്യക്തിയുടെ സാമൂഹികപദവി.

ഇങ്ങനെയുള്ള സംഘർഷ സ്ഥാനമായിട്ടാണ് ഈ പ്രബന്ധം ഭിന്നശേഷി കർതൃത്വങ്ങളെ പരിഗണിക്കുന്നത്. പരിശീലനത്തിലൂടെ ഉറച്ചുപോയ കർതൃ നിലയെ അസ്ഥിരപ്പെടുത്താനുള്ള മാർഗം എന്ന അർത്ഥത്തിലാണ് നിർ വാഹകത്വം എന്ന സങ്കല്പം ഉപയോഗിക്കുന്നത്. ഭിന്നശേഷി കർതൃത്വങ്ങളുടെ നിർവാഹകത്വസാധ്യതകളെ റദ്ദ് ചെയ്യുന്ന അധികാരത്തിന്റെ തലങ്ങൾ വിശകലനം ചെയ്യുകയാണ് ഇനിയുള്ള ഭാഗങ്ങളിൽ.

2

ഭിന്നശേഷി കഥാപാത്രങ്ങളെ മിക്കപ്പോഴും പരിമിതപ്പെട്ട കർതൃത്വമായോ നിർവാഹത്വം ഇല്ലാത്തവരായോ ആണ് നോവലുകളിൽ അവതരിപ്പിച്ച് വരുന്നത്. കാമനയിലെ നായിക ഒരിടത്ത് പറയുന്നുണ്ട്: 'ചലനമാണ് ചൈതന്യത്തിന്റെ ഉറവിടം അത് നഷ്ടപ്പെട്ടാൽ എല്ലാം അവസാനിച്ച്' എന്ന്. ഇവിടെ ജീവിതത്തിന്റെ ചലനാത്മകത ശരീരത്തിൽ അധിഷ്ഠിതമാണ് എന്ന സങ്കല്പമാണ് ഈ നോവലുകൾ മുന്നോട്ടുവയ്ക്കുന്നത്. തന്നാൽ കഴിയുന്ന പോലെ തന്റെ നിർവാഹകത്വത്തെ നിർമ്മിച്ചെടുക്കാൻ ആഗ്രഹിക്കുന്ന സ്ത്രീയാണ് കാമനയിലെ നായിക. മൂന്ന വയസ്സിനുശേഷം തളർവാതം പിടിപെട്ട് വീട്ടിൽ കഴിഞ്ഞുകൂടേണ്ടിവന്ന ഒരു സ്ത്രീ നടത്തുന്ന ആത്മകഥനമാണ് ഈ നോവൽ. "എങ്കിലും എഴുതി തുടങ്ങണം. എത്ര നേരമായി തയ്യാറെടുപ്പ്. ഒരു ചലനം, ഒരു ചൈതന്യം, നിശ്ചലപ്രകൃതിക്കു മാറ്റം സംഭവിക്കണം. ജീവിതത്തിന്റെ ചാരത്തിനുള്ളിൽ മറഞ്ഞു കിടക്കുന്ന തീപ്പൊരി. അതു കണ്ടെടുക്കണം. ഊതിപ്പടർത്തണം. പുതിയൊരു അഗ്നിയായി ജ്വലിക്കണം." (1981: 20) എന്നാണ് അവൾ പറഞ്ഞു തുടങ്ങുന്നത്. എന്നാൽ 'വയ്യാത്തവർ വെറുതെ കിടക്കണം. എപ്പോഴുമുണ്ട് നീന്തലും നിരങ്ങലും' എന്ന താക്കീത് എല്ലായ്പ്പോഴും അവളുടെ കുതറാനുള്ള ശ്രമങ്ങളെ റദ്ദ് ചെയ്യുന്നു. താൻ അർഹിക്കാത്ത ജീവിതമാണ് ജീവിക്കുന്നത് എന്ന ഒരുതരം കുറ്റബോധവും അതേസമയം അതിനോടുള്ള ചെറുത്തുനില്പും അവളിലുണ്ടായിരുന്നു. "ഇതുപോലുള്ള എത്രപേർ ജോലി ചെയ്യുന്നു. കുടുംബമായി ജീവിക്കുന്നു..." എന്ന ചോദ്യവുമായി തന്റെ ജീവിതത്തിലേക്കു കടന്നുവന്ന ഏട്ടത്തിയമ്മയുടെ സുഹൃത്ത് വിനോദിനോട്, അവളോട് സഹതാപം പ്രകടിപ്പിക്കാത്ത ആദ്യത്തെ മനുഷ്യനോട് അവൾക്കു പ്രണയം തോന്നുന്നു. ജീവിതകാമനകൾക്കു പുറകെ പോകാൻ, ആനന്ദത്തിന്റെ പുതിയ മേഖലകൾ കണ്ടെത്താൻ, അവൾ ആഗ്രഹിക്കുന്നു. പരിണമിക്കാനുള്ള അവളുടെ ശ്രമങ്ങളെ, അതിന്റെ ഭാഗമായി അവളിൽത്തന്നെയുണ്ടാകുന്ന സംഘർഷങ്ങളെ, അമ്മയും ഏട്ടനും ഏട്ടത്തിയമ്മയും ചേർന്ന കുടുംബാന്തരീക്ഷവും സമൂഹവും എല്ലായിപ്പോഴും തടസ്സപ്പെടുത്തുന്നു. അവളിങ്ങനെ ആലോചിക്കുന്നു, "നഷ്ടങ്ങളുടെ പാതയിൽ കുഴഞ്ഞുവീണ ഞാൻ അവിടെ ഒരു കല്ലായി, മരമായി കഴിയുമായിരുന്നു. കാട്ടുകല്ലിൽ പാഴ്ത്തടിയിൽ എങ്ങനെ ജീവന്റെ തുടിപ്പുകൾ എങ്കിലും...

ശിശിരവും ശൈത്യവുമായി ഗ്രീഷ്മവും വർഷവുമായി വന്ന കാലങ്ങൾ. എല്ലാറ്റിനും ഒരേ താളം. ഒരുതരം നിശ്ചലതയിൽ നിന്നാണ് മോചനം

നേടേണ്ടത്"(1981: 58). എന്തിൽ നിന്നാണ് തനിക്ക് വിടുതൽ വേണ്ടത് എന്ന് അവൾക്ക് അറിയാം. താൻ ജീവിക്കുന്ന ചുറ്റുപാടിൽനിന്ന് തന്നെത്തന്നെ മാറ്റി നിർത്തി ചിന്തിക്കാനുള്ള കഴിവ് അവൾക്കുണ്ട്. അതു ആത്മത്തെക്കുറിച്ചുള്ള ആലോചനയാണ്. ഭിന്നശേഷി വ്യക്തിയുടെ സ്ഥിരാസ്തിത്വം എന്ന സങ്കല്പ ത്തോട് ഇടയുന്നതാണ് ഈ ആലോചന.

തളർന്നു കിടപ്പിലാകുന്നതിനുമുമ്പ് എന്തിന്റെയും പുറകെ ഓടിപ്പോയിരു ന്ന, ഓട്ടത്തിനിടയിൽ പലതും തട്ടിമറിച്ച് താഴെയിട്ടിരുന്ന, ആരെയും കൂസാത്ത വികൃതിക്കുട്ടിയായാണ് 'ആസിഡ്' എന്ന നോവലിലെ ശിവയെ അവതരിപ്പി ക്കുന്നത്. ആ ഓട്ടത്തിലാണ് അവൻ വീഴുന്നതും അവന്റെ ജീവിതം ഉറച്ചുപോ കുന്നതും. പിന്നീട് അവന്റെ ലോകം വീടും മുറിയും മാത്രമാകുന്നു. ബാംഗ്ലൂരിലെ നിറയെ വീഡിയോ ഗെയിമുകളുള്ള വീട്ടിൽനിന്ന് അമ്മയുടെ തറവാട്ടിലേക്ക് താമസം മാറുമ്പോൾ അവൻെറ ചലനം പിന്നെയും പരിമിതപ്പെടുന്നു. വീടിനടുത്തുള്ള ശ്മശാനം മാത്രമാണ് പിന്നീട് അവൻ വല്ലപ്പോഴും കാണുന്ന ഒരേയൊരു കാഴ്ച. അവന്റെ വീൽചെയറിൽ കയറിയിരുന്ന ഷാലിയോട് അവൻ ദേഷ്യപ്പെടുന്നുണ്ട്. ഇതു മാത്രമാണ്" തന്റെ ആശ്വാസമെന്നും അതുകൂടി നാശമായാൽ താൻ ഈ കിടക്കയിൽ തീരുമെന്നുമുള്ള ഭയം അവൻ പങ്കുവയ്ക്കു ന്നു. "ഞാൻ എന്നും കുറച്ചു നേരമെങ്കിലും ശ്രമിക്കും തന്നെ ഈ കിടക്കയിൽ നിന്നും ഇറങ്ങി അതിലേക്കിരിക്കാൻ. ബാംഗ്ലൂരിലായിരുന്നപ്പോൾ എനിക്ക് അതിനു കഴിയുമായിരുന്നു. കട്ടിലിന് ഇത്രയും പൊക്കമില്ലായിരുന്നു. ഒരു മുറിയിൽ നിന്നും മറ്റൊരു മുറിയിലേക്കു കടക്കാൻ കട്ടിളപ്പടികളുമില്ല. ഇവിടെ എവിടെ തിരിഞ്ഞാലും തടസ്സങ്ങളാണ്. എന്നാലും സാരമില്ല ഞാൻ ശ്രമിക്കും." (2017: 220) എന്ന് അവൻ സമാധാനിക്കുന്നുണ്ട്. പുറംലോകം കാണാൻ ആദിയും ഷാലിയും മാത്രമാണ് അവനു കൈത്താങ്ങ്. അവരും മാറിപ്പോ കുന്നതോടുകൂടി ശിവ തനിച്ചാകുന്നു. മലമൂത്ര വിസർജ്യങ്ങളിൽ ശ്വാസംമുട്ടി ത്തീരുമോ എന്ന ഭീതി അവനെ അലട്ടിക്കൊണ്ടിരുന്നു. അതേസമയം താൻ ഒരിക്കലും മരിക്കില്ലേ എന്ന സന്ദേഹവും അവനിൽ നിറയുന്നു. ഇതേ സമയം അമ്മയെയും വിട്ട് വീടിനു പുറത്തുപോകുന്ന ആദിയുടെ വളർച്ചയെ നോവൽ ആവിഷ്കരിക്കുന്നുണ്ട്. അതുവരെ അമ്മയുടെ തണലിൽ ജീവിച്ചിരുന്ന ആദിക്ക് ഈ യാത്ര സ്വയം മുതിരാനുള്ള സാധ്യതയാകുന്നു. മറ്റുള്ളവരുമായുള്ള സമ്പർക്കത്തിലൂടെ മാറ്റങ്ങൾ വളരുന്നത് അവൻ സ്വയം അറിയുന്നു.

ശരീരത്തിന്റെ ചലനം പരിമിതപ്പെടുന്നതോടെ ജീവിതവും പരിമി തികൾക്കുള്ളിലാകുന്നു. കർതൃത്വത്തിന് വിഘാതമായി നിൽക്കുന്നതോ

കർതൃത്വത്തെ പരിമിതപ്പെടുത്തുന്നതോ ആയ ഒന്നായി ശരീരത്തിന്റെ പരിമിതിയെ മാറ്റിത്തീർക്കുകയാണ് ഇവിടെ ചെയ്യുന്നത്. ഭിന്നശേഷി കർതൃത്വം എന്ന നിർമ്മിതിക്കകത്ത് ഏജൻസി എന്ന സാധ്യതയെ കണ്ടെടുക്കുന്നതിൽ ഇത്തരം ആഖ്യാനങ്ങൾ പരാജയപ്പെടുന്നു. ആത്മവും കല്പിച്ചു കിട്ടിയ കർതൃസ്ഥാനവും തമ്മിലുള്ള സംഘർഷ സ്ഥലത്താണ് ഈ കഥാപാത്രങ്ങൾ സ്ഥാനപ്പെടുന്നത്.

ഭിന്നശേഷി കർതൃത്വത്തെ സംബന്ധിക്കുന്ന ചർച്ചയിലെ സത്താവാദപരമായ സമീപനങ്ങളുടെ അടിത്തറ ജീവശാസ്ത്രപരമോ അതിഭൗതികപരമോ ആയ സങ്കല്പനങ്ങളാണ് (2004: 101, 102). സത്താവാദപരമായ സമീപനത്തിന്റെ ന്യൂനത അത് കർതൃപരിണാമത്തെ സാധ്യമാക്കുന്നില്ലെന്നതാണ്. ആദ്യകാലത്തെ പല നോവലുകളിലും ഇത്തരം ശ്രമങ്ങൾ കാണാം.' ദൈവത്തിന്റെ കണ്ണ്' എന്ന എൻ.പി. മുഹമ്മദിന്റെ നോവലിൽ പള്ളിക്കാട്ടിലെ പൂതങ്ങൾ മോഹിച്ച കുൺ കഴിച്ചതാണ് മൊയമ്മദാലിയുടെ ഭ്രാന്തിന്റെ കാരണമെന്ന് എല്ലാവരും വിശ്വസിക്കുന്നു. "പൂതങ്ങൾ കാക്കയിൽ നിന്ന് കുൺ തട്ടിപ്പറിക്കാൻ നോക്കി. അതിനുമുമ്പേ മൊയമ്മതാലിക്കാക്ക കുൺ തിന്നു കളഞ്ഞല്ലോ.കാക്കയുടെ തൊള്ളയിലേക്ക് കടന്നു പൂതങ്ങൾ. മൂന്നു പൂതങ്ങൾ. പൂതങ്ങൾ വയറ്റിലേക്ക് കടന്നപ്പോൾ മൊയ്മ്മദാലിക്കാ ഛർദ്ദിക്കാൻ തുടങ്ങി. മരുന്നും മന്ത്രവും പൂതങ്ങൾക്ക് ഇരിക്കപ്പൊറുതി കൊടുത്തില്ല. അപ്പോൾ പൂതങ്ങൾ ഇക്കാക്കയുടെ തലയിൽ കയറി" (2012: 21) എന്നാണ് ഉമ്മു വിവരിക്കുന്നത്. പൂതങ്ങൾ പുതിയ പൂങ്കൊമ്പ് തേടാതിരിക്കാൻ മന്ത്രവാദത്തെ കൂട്ടുപിടിക്കുന്നു. 'ഒറ്റയടിപ്പാതകൾ' എന്ന നോവലിലും 'കാമന' എന്ന നോവലിലും സമാനമായ ഭാവനകൾ കാണാൻ സാധിക്കും. കേടുപാടുള്ള കുട്ടി ജനിക്കുന്നത് അച്ഛനമ്മമാരുടെ കുറ്റമല്ല. മുജ്ജന്മ സുകൃതക്ഷയമോ തലയിലെഴുത്തോ ദൈവകോപമോ ആണെന്നാണ് ഒറ്റയടിപ്പാതകളിലെ ഭാസ്കരമേനോൻ വിശ്വസിക്കുന്നത്. സുകുവിനെപ്പോലെ ബുദ്ധിമാന്ദ്യം സംഭവിച്ച ഒരു മകനുണ്ടാകാൻതക്ക ഒരു പാപവും താൻ ചെയ്തിട്ടില്ലെന്ന് അയാൾ ആവർത്തിച്ചു പറയുന്നു. സുകു പെട്ടെന്നൊരു ദിവസം മറ്റു ചെറുപ്പക്കാരെപ്പോലെയാകുമെന്ന് ദൈവത്തിൽ പ്രതീക്ഷയർപ്പിച്ചാണ് അയാൾ കഴിയുന്നത്.

മത-ദൈവ കേന്ദ്രിതമായ ഇത്തരം സമീപനങ്ങളിൽ വ്യക്തിയുടെ കർതൃത്വം നിശ്ചലമായി നിൽക്കുന്നു. അവരുടെ ജീവിതവും ഉത്തരവാദിത്വവും വിധിക്കും ദൈവത്തിനും ഏല്പിച്ചു കൊടുത്തുകൊണ്ട് അവരുടെ കർതൃത്വത്തിന്റെ ഉടമസ്ഥതയെ അതിഭൗതികതയിൽ ബന്ധിപ്പിക്കുകയാണിവിടെ.

അതോടെ പരിണമിക്കാൻ സാധ്യതയേതുമില്ലാത്ത ഒന്നായി ഭിന്നശേഷി കർതൃത്വം മാറുന്നു. ഇത്തരം സത്താവാദപരമായ കെട്ടുപാടുകളിൽ നിന്ന് മോചിപ്പിക്കപ്പെടുന്നതോടുകൂടിയാണ് ഭിന്നശേഷി പഠനങ്ങൾക്ക് രാഷ്ട്രീയമായ പ്രാധാന്യം വന്നു തുടങ്ങിയത് എന്നു പറയാം.

3

നിർവാഹകത്വമില്ലാത്ത ഭിന്നശേഷി കർതൃത്വങ്ങളുടെ ലൈംഗിക ഇച്ഛകളെ അവതരിപ്പിക്കുമ്പോൾ സഹതാപത്തിന്റെയോ അത്ഭുതത്തിന്റെയോ കുറ്റബോധപ്പെടലിന്റെയോ പാപബോധത്തിന്റെയോ തലം എല്ലായിപ്പോഴും ഉയർന്നു നിൽക്കുന്നതായിക്കാണാം. സമുദ്രശില, ആസിഡ് എന്നീ നോവലുകളുടെ ചില സന്ദർഭങ്ങൾ ഉദാഹരിക്കാം.

തന്റെ മകന്റെ കാമനകളെ അറപ്പോടും അത്ഭുതത്തോടും സഹതാപത്തോടും നോക്കുന്ന അമ്മയാണ് സമുദ്രശിലയിലെ അംബ. "രാത്രിയിരുട്ടിൽ പരാധീനത തീണ്ടാതെ സ്വന്തം അവയവത്തെ താലോലിക്കാനും സുഖാന്വേഷണം നടത്താനുമുള്ള വൈഭവം അവൻ കൈയാളിക്കഴിഞ്ഞിരുന്നു. അസ്പഷ്ടമായ ശബ്ദത്തിൽ തന്റെ മകൻ കരയുകയാണെന്നു ഭയന്ന് ഒരു പാതിരാത്രിയിൽ ഉറക്കം ഞെട്ടിയ അവൾ കൈനീട്ടി അവനെ തപ്പിനോക്കി. അപസ്മാര ബാധയിലെന്നപോലെ അടിമുടി പിടഞ്ഞുകൊണ്ട് ചുരുട്ടിയ മുഷ്ടിക്കുള്ളിൽ തന്റെ വികാരത്തെ തെരുപ്പിടിച്ച് സ്വയം സാന്ത്വനം കണ്ടെത്തുകയാണ് മകനെന്ന് ഇരുട്ടിലറിയാൻ അംബ അരനിമിഷമെടുത്തു." (2019: 50) മറ്റൊരിടത്ത് അപ്പുവിനെ കുളിപ്പിക്കുമ്പോൾ 'നെഞ്ചും വയറും കഴിഞ്ഞ് അവനുടുത്ത തോർത്തിന്റെ മേലതിരിലേക്ക് കയ്യെത്തുന്ന നേരത്ത് ശാന്തമ്മ ഔ എന്ന് അറിയാതെ പറഞ്ഞു. ഒരു ഇടിമിന്നലിൽ അപ്പോൾ പൊട്ടിമുളച്ച ഒന്ന് അവരുടെ കണ്ണിൽപെട്ടു. വെളുത്തതല്ലാത്ത ഒരു വിഷക്കൂൺ. അവരുടെ കയ്യിൽ നിന്ന് സോപ്പ് വഴുതിത്തെറിച്ചു. ആസക്തിയുടെ മാംസഗദ അതിന്റെ നനഞ്ഞ മകുടം തനിക്കു നേരെ ഓങ്ങുന്നതായിത്തോന്നി അവിവാഹിതയായ ആ വിരൂപ കന്യകയ്ക്ക് തലചുറ്റലുണ്ടായി. ബക്കറ്റിലെ വെള്ളം മുഴുവൻ എടുത്തു തീ കെടുത്താൻ എന്നോണം അതിന്റെ മേൽ കമഴ്ത്തിക്കൊണ്ട് ശാന്തമ്മ കിതച്ചുകൊണ്ട് കുളിമുറി വിട്ടു' (2019: 85) എന്നിങ്ങനെ അദ്ഭുതം കൊള്ളുന്നു ശാന്തമ്മ.

വർഷങ്ങളായി കിടക്കയിൽ കിടന്നു പോയ ഒരു പാവം കുഞ്ഞ് എന്ന സഹതാപമാണ് ഷാലിക്ക് ശിവയോടുള്ളത്. 'അവന്റെ വിരലുകൾ അവളുടെ മുലകളിൽ പരതുന്നത് വേദനയോടെ അവൾ അറിഞ്ഞു. അവൾ എതിർത്തില്ല. കുഞ്ഞിനെപ്പോലെ അവളുടെ കരവലയത്തിൽ അവൻ സുരക്ഷിതനായി. ചില

ജീവികൾക്ക് സ്പർശം ഒരു അനിവാര്യതയാണ്' (2017: 77).

'പൂർണനായ' ഒരു മനുഷ്യന്റെ ലൈംഗിക സങ്കല്പങ്ങൾക്കുള്ളിൽ സ്വീകരിക്കപ്പെടുന്നതല്ല ഭിന്നശേഷിക്കാരനായ ഒരാളുടെ കാമനകൾ. സമൂഹം നൽകുന്ന ശാരീരിക മാനദണ്ഡങ്ങൾക്കകത്ത് അഭിലഷണീയനായ ഒരാൾക്ക് മാത്രം അവകാശപ്പെട്ടതാണ് ലൈംഗിക കാമനകൾ എന്ന ബോധ്യത്തോടെ പൂർണനായ ഒരാൾ മാറി നിന്ന് കാണുന്ന കാഴ്ചയായാണ് ഇവിടെ ഇത്തരം അനുഭവങ്ങളെ ആവിഷ്കരിക്കുന്നത്. ആരും തിരിഞ്ഞു നോക്കാത്ത രൂപവും നടക്കം ഉണ്ടാക്കുന്ന അനാകർഷകത്വവുമുള്ള തനിക്ക് ലൈംഗികമായ ആഗ്രഹങ്ങൾ നിറവേറ്റാൻ അർഹതയില്ലെന്ന് കാമനയിലെ നായിക കരുതുന്നു. സ്വയം സന്തോഷിക്കാനും പുരുഷനെ സംതൃപ്തനാക്കുവാനും തനിക്ക് കഴിയുമോയെന്ന് അവർ സംശയിക്കുന്നു. കുട്ടികളെ പ്രസവിക്കുന്നതും തൃപ്തികരമായ ലൈംഗിക പങ്കാളികളാകുന്നതും ഉൾപ്പെടെ സ്ത്രീകളുടെ ശരീരം 'നിറവേറ്റേണ്ട കടമ'കളിൽനിന്ന് വ്യതിചലിക്കുന്ന ഒരാളുടെ ലൈംഗിക കർതൃത്വം അയാളിൽത്തന്നെ സംഘർഷമുണ്ടാക്കുന്നതാണിവിടെ കാണുന്നത്.

തന്റെ മകൻ സ്വയംഭോഗം ചെയ്യുന്നതുകണ്ട് സഹതാപത്തോടെ വാതിൽ അടയ്ക്കുന്ന സ്ത്രീയാണ് സമുദ്രശിലയിലെ അമ്മ. ശിവ കാണാതെ അവന്റെ കറ പുരണ്ട പുതപ്പ് കുളിമുറിയിൽ കൊണ്ടുപോയി അവൻ ഉണരും മുന്നേ കഴുകിക്കളയുന്ന ആദി. ഷാലിയുമായി ശിവ സ്നേഹത്തിൽ ഏർപ്പെടുമ്പോൾ മുറിയുടെ പുറത്ത് വാതിൽക്കൽ തലതല്ലിക്കരയുന്ന അവന്റെ അമ്മ കമല. ഇങ്ങനെ മറ്റ് ആവശ്യങ്ങളെല്ലാം നിറവേറ്റാൻ സഹായിക്കുന്നവർ ലൈംഗികത എന്ന അടിസ്ഥാന ആവശ്യത്തെ നേരിടുമ്പോൾ മുഖം തിരിക്കുകയും കണ്ണുകൾ അടയ്ക്കുകയും കുറ്റബോധത്തോടെയും പാപബോധത്തോടെയും പെരുമാറുകയും ചെയ്യുന്നതായാണ് കാണുന്നത്. മനുഷ്യർ അവരുടെ സ്നേഹം അറിയിക്കാൻവേണ്ടി മാത്രം ചെയ്യുന്ന പ്രവൃത്തിയായിട്ടല്ല നാം ലൈംഗികതയെ മനസ്സിലാക്കിയിട്ടുള്ളത്. ഈ കുറ്റബോധത്തിന്റെ ഉറവിടം ലൈംഗികതയും അധികാരവും തമ്മിലുള്ള ബന്ധത്തിലാണ് നിലയുറപ്പിച്ചിട്ടുള്ളത്.

ലൈംഗികത വ്യാവഹാരികമായി നിർമ്മിക്കപ്പെടുന്നതാണ് എന്ന് പറഞ്ഞത് മിഷേൽ ഫൂക്കോയാണ്. തന്റെ 'ലൈംഗികതയുടെ ചരിത്രം' എന്ന പുസ്തകത്തിൽ ലൈംഗികതയും അധികാരവും തമ്മിലുള്ള ബന്ധത്തെ അദ്ദേഹം വിശകലനം ചെയ്യുന്നുണ്ട്. ആധുനികമായ അർത്ഥത്തിലുള്ള ലൈംഗികത വൈദ്യവൽക്കരണത്തിന്റെ ഉത്പന്നമാണെന്നാണ് ഫൂക്കോ പറയുന്നത്

എന്ന് 'ഫൂക്കോയുടെ പ്രതിപക്ഷ രാഷ്ട്രീയം' എന്ന ലേഖനത്തിൽ ടി.വി. മധു അഭിപ്രായപ്പെടുന്നുണ്ട്. വൈദ്യശാസ്ത്രം, സൈക്കോളജി, സാമൂഹികശാസ്ത്രം മുതലായി ആധുനികത രൂപപ്പെടുത്തിയ പുതിയ ജ്ഞാനപദ്ധതികൾ ലൈംഗികതയെക്കുറിച്ചുള്ള പുതിയ അറിവുകൾ ഉത്പാദിപ്പിച്ചു. 'ലൈംഗിക ധർമ്മങ്ങൾ നിർവചിക്കപ്പെട്ടു. മൂല്യങ്ങൾ പരിചിന്തനം ചെയ്യപ്പെട്ടു. വർഗീകരണങ്ങൾ നിലവിൽ വന്നു. കുട്ടികളുടെയും മനോരോഗികളുടെയും കുറ്റവാളികളുടെയും ലൈംഗികത നിയമത്തിന്റെ പേരിൽ, മനോരോഗ ചികിത്സാ ശാസ്ത്രത്തിന്റെ പേരിൽ, വൈദ്യത്തിന്റെ പേരിൽ ചോദ്യം ചെയ്യപ്പെട്ടു. ചരിത്രത്തിലാദ്യമായി ലൈംഗിക ചിട്ടകളുടെ വിവിധ മാതൃകകൾ തരംതിരിക്കപ്പെടുകയും ക്രമീകരിക്കപ്പെടുകയും ചെയ്തു. വിവിധതരത്തിലുള്ള ലൈംഗിക വൈകല്യങ്ങൾ നിർവചിക്കപ്പെട്ടു. കുടുംബവും ലൈംഗികതയുമായുള്ള ബന്ധം നിർവചിക്കപ്പെട്ടു. കുടുംബത്തിനകത്തെ നിഗൂഢമോ പ്രത്യക്ഷമോ ആയ വിവിധ ഇനം ലൈംഗിക ബന്ധങ്ങൾ തരംതിരിക്കപ്പെട്ടു. (2020: 171, 172) അങ്ങനെ ആധുനികത ലൈംഗികതയെ സവിശേഷമായ വ്യവഹാരമാക്കി മാറ്റിതീർത്തു. ഇതോടെ നോർമൽ/അബ്നോർമൽ എന്ന ദ്വന്ദ്വം രൂപപ്പെടുകയും ഒറ്റ ഇണയോടു മാത്രം, സന്തതി ഉല്പാദനം എന്ന ലക്ഷ്യത്തോടെ ലൈംഗികബന്ധത്തിൽ ഏർപ്പെടുന്നതാണ് നോർമൽ എന്നു വരികയും ചെയ്തു. അതിൽനിന്നുളള ഏതു വ്യതിയാനവും വികലമാണെന്നും ആനന്ദത്തിനപ്പുറം പ്രത്യുൽപാദനമാണ് ലൈംഗികതയുടെ ലക്ഷ്യമെന്നുമുള്ള ആലോചനാപരിസരത്തിലാണ് ഭിന്നശേഷി കഥാപാത്രങ്ങളുടെ ലൈംഗിക കർതൃത്വങ്ങൾ പ്രശ്നവൽകരിക്കപ്പെടുന്നത്.

ഫൂക്കോയെ വികസിപ്പിച്ചുകൊണ്ട് ഗെയ്ൽ റൂബിൻ എന്ന ചിന്തകൻ ഇങ്ങനെ പറയുന്നുണ്ട്: 'മനുഷ്യ സ്വഭാവത്തിന്റെ മറ്റ് അംശങ്ങൾ പരിശോധിക്കുമ്പോൾ ലൈംഗികത ശരീരത്തിന്റെ ചോദനയായി മാത്രം നിൽക്കുന്ന ഒന്നല്ല, അത് സ്ഥാപനവൽക്കരിക്കപ്പെട്ട രൂപം കൂടിയാണെന്ന് മനസിലാകും. ഏത് സ്ഥാപനവും പ്രത്യയശാസ്ത്രപരമാണെന്ന് പറയുന്നപോലെ ലൈംഗികതയും പ്രത്യയശാസ്ത്രപരമാണ്. അതിനകത്ത് ആഭ്യന്തരമായ അസമത്വമുണ്ട്. അടിച്ചമർത്തലിന്റെ പലതരം സമ്പ്രദായങ്ങൾ നിലനിൽക്കുന്നുണ്ട്. താല്പര്യങ്ങൾ തമ്മിൽ ഇടയുന്നുണ്ട്. അതിനു രാഷ്ട്രീയമായ മാനങ്ങൾ ഉണ്ട്. അതിൽ വളരെ ബോധപൂർവ്വം നമ്മൾ പാലിക്കുന്ന നിയമങ്ങളുണ്ട്. നമ്മളിൽ തന്നെ അബോധപൂർവ്വം പ്രവർത്തിക്കുന്ന നിയമങ്ങളുമുണ്ട്' (1993: 4). ജീവശാസ്ത്രപരമായി നോക്കുമ്പോൾ ഏത് രണ്ടാൾക്കിടയിലും ലൈംഗികബന്ധം സാധ്യമാണ്,

എന്നാൽ നമ്മുടെ സാമൂഹിക ഘടനയിൽ അത് സാധ്യമല്ലതാനും. ലൈംഗികതയുമായി ബന്ധപ്പെട്ട് മനുഷ്യർ ആന്തരവത്കരിച്ച ചില മാതൃകകളുണ്ട്. ആ മാതൃകകൾക്ക് പുറത്തുള്ള ഏതു ലൈംഗിക ബന്ധവും അവരിൽ കുറ്റബോധം ഉല്പാദിപ്പിക്കാൻ സാധ്യതയുള്ള ഒന്നാണ്. ഏത് ശരീരത്തിനും ഏത് ശരീരത്തോടും ലൈംഗികത സാധ്യമല്ലാത്തത് ശരീരത്തിന് എന്തെങ്കിലും പാകപ്പിഴവുകൾ ഉള്ളതുകൊണ്ടല്ല. മറിച്ച് ശരീരം സ്ഥാപനവൽക്കരിക്കപ്പെട്ടിട്ടുള്ളതുകൊണ്ടാണ്. ശരീരം സ്വതന്ത്രമായി പ്രവർത്തിക്കുകയല്ല ചെയ്യുന്നത്. ശരീരത്തെ നമ്മൾ പരിശീലിപ്പിക്കുകയാണ്. ലൈംഗികതയുമായി ബന്ധപ്പെട്ട ആവിഷ്കാരങ്ങളിലെ അപാകതകൾ ഇത്തരം സങ്കല്പനങ്ങളുമായി ബന്ധപ്പെട്ട അപാകതകൾ കൂടിയാണ്.

4

നിർവാഹകശേഷിയില്ലാത്ത ആശ്രിത ഭിന്നശേഷികർതൃത്വത്തിന്റെ ഉടമസ്ഥത അയാളുടെ ഉത്തരവാദിത്വം ഏറ്റെടുക്കുന്നയാളിൽ നിക്ഷിപ്തമാവുന്നതായാണ് പൊതുസമൂഹത്തിൽ കാണുന്നത്. അവരുടെ ജീവനെടുക്കാനുള്ള അധികാരമായി ഇത് മാറുകയും ചെയ്യുന്നു. മറ്റുള്ളവർക്ക് ബാധ്യതയാവുകയും അതിന്റെ പേരിൽ പിന്നീട് കൊല്ലപ്പെടുകയും ചെയ്യുന്ന കഥാപാത്രങ്ങളെ ഈ നോവലുകളിലെല്ലാം കാണാം. പ്രത്യുൽപാദനത്തിലധിഷ്ഠിതമായ ലൈംഗിക സങ്കല്പത്തെക്കുറിച്ച് മുമ്പ് പറഞ്ഞുവല്ലോ. ലൈംഗികത ഗാർഹികവൽക്കരിക്കപ്പെടുന്നത് വിക്ടോറിയൻ സദാചാര സങ്കല്പങ്ങളുടെ കടന്നുവരവോടെയാണ്. ഉപകരണ യുക്തിയുടെ ഭാഗമായി പ്രത്യുൽപാദനം മാത്രം ലക്ഷ്യം വയ്ക്കുന്ന ഒന്നായി ലൈംഗികതയെ, കുടുംബത്തെക്കാണുന്നതും ഈ കാലഘട്ടത്തിലാണ്. (1978: 3, 9)

ഒരാളെ പരിചരിക്കുക എന്നാൽ എന്താണ്? അത് സമയം മാറ്റിവെക്കലാണ്. മാറ്റിവെക്കപ്പെട്ട സമയത്തിന് ബദലായി തിരിച്ചുകിട്ടാൻ ഒന്നുമില്ലെന്ന് വരുമ്പോഴാണ് ചിലർ ബാധ്യതയായി മാറുന്നത്. മകൻ, മകൾ തുടങ്ങിയ എല്ലാ പദവികളും പൂർവ്വനിർണിതമാണ്. അവയ്ക്കു കല്പിച്ചു കൊടുത്തിട്ടുള്ള സാമൂഹിക ഉത്തരവാദിത്തങ്ങളുണ്ട്. പ്രത്യുല്പാദനം, സംരക്ഷണം തുടങ്ങിയ ഉത്തരവാദിത്തങ്ങൾ നിറവേറ്റാൻ കഴിയാത്ത സംവർഗം എന്ന നിലയ്ക്കാണ് ഭിന്നശേഷി കർതൃത്വങ്ങളെ പൊതുവേ പരിഗണിച്ചുവരുന്നത്. അതായത് ഭിന്നശേഷിക്കാർ സമൂഹത്തിന്റെ കേവല പ്രയോജനയുക്തിക്ക് പുറത്താണ് എന്ന ചിന്തയിൽ നിന്നാണ് ആശ്രിത കർതൃത്വത്തിന്റെ ബാധ്യത സാമൂഹിക വിഷയമായി മാറുന്നത്.

തന്റെ മൂന്നാം വയസ്സിൽ തളർവാതം പിടിപെട്ട് കിടപ്പിലായ ആളാണ് 'കാമന'യിലെ പേരില്ലാത്ത നായിക. നോവലിലെ ഒരു സന്ദർഭം ഇങ്ങനെയാണ്: "വർഷങ്ങൾക്കു മുമ്പ് ഒരു സന്ധ്യയിൽ എനിക്ക് രണ്ടു പ്രാവുകളെ കിട്ടി. ഒരു പൂവനും പിടയും. കിളിക്കൂട്ടിൽ അവയെ വളർത്തി. രാത്രിയിൽ അവയെ പിടികൂടാൻ വന്ന പൂച്ചയ്ക്ക് കിട്ടിയത് വലയ്ക്കിടയിലൂടെ പിടയുന്ന കാലായിരുന്നു. രാവിലെ അതുകണ്ട് കരയാൻ തുടങ്ങിയ എന്നെ ദേവേട്ടൻ സമാശ്വസിപ്പിച്ചു." "സാരമില്ലാ അത് ഒറ്റക്കാലിൽ നടന്നുകൊള്ളും.." "അത് ജീവിച്ചിട്ടെന്താ മുട്ട വിരിയിക്കാൻ ആവില്ല അമ്മ പറഞ്ഞു." (1981: 12) അധ്വാനത്തിനും പ്രത്യുല്പാദനത്തിനുമുള്ള ശേഷിയാണ് കുടുംബത്തെയും ബന്ധങ്ങളെയും ജീവിക്കാനുള്ള അവകാശത്തെയും നിർണയിക്കുന്നത് എന്ന ചിന്തതന്നെയാണ് ഈ നോവലുകളിലുടനീളം കാണുന്നത്. തന്നെ കഷ്ടപ്പെട്ട് നോക്കുന്ന അമ്മയ്ക്ക് കൂലി കൊടുക്കാനാവാത്തതിനാൽ ജീവിക്കാൻ അർഹത നഷ്ടപ്പെട്ട ഒരാളായാണ് ഇതിലെ നായിക തന്നെത്തന്നെ കാണുന്നത്.

ബുദ്ധിമാന്ദ്യമുള്ള അനിയനു വേണ്ടി ജീവിതമുഴിഞ്ഞുവെച്ച് സ്വയം നശിക്കാൻ തയ്യാറായ ഒരാളായിട്ടാണ് 'ഒറ്റയടിപ്പാതക'ളിലെ സതിയെ അവതരിപ്പിക്കുന്നത്. അനിയനു വേണ്ടിമാത്രം അനുപിനോടുള്ള സ്നേഹം സതി വേണ്ട എന്ന് വയ്ക്കുന്നു. അനിയനെ വേണ്ട എന്ന് വയ്ക്കാൻ അവൾക്കാവുന്നില്ല. ആ അവസ്ഥയെ "കായ്ക്കുകയില്ലെന്ന് ഉറപ്പായ തെങ്ങ് ദുഃഖത്തോടെ ആണെങ്കിലും ഉപേക്ഷിക്കുന്ന കൃഷിക്കാരന്റെ നിസ്സംഗത" (2015: 47) എന്നാണ് നോവലിസ്റ്റ് വിശേഷിപ്പിക്കുന്നത്. അന്ത്യയാത്രയിൽ തല പിടിക്കാനും ചുടലയ്ക്ക് തീ കൊളുത്താനും ആൺതല തന്നെ വേണം എന്ന ഭാസ്കരമേനോന്റെ നിർബന്ധമാണ് മൂന്നു പെൺകുട്ടികൾക്കു ശേഷം സുകുമാരൻ ജനിക്കാൻ കാരണം. ഉണ്ടായ കുഞ്ഞ് താൻ ചെയ്ത എന്തോ പാപത്തിന്റെ പേരിലായിരിക്കും ഇങ്ങനെയായിപ്പോയത് എന്ന് ഭാസ്കര മേനോൻ കരുതി. 'അവൻ'എന്ന വിളിക്ക് പോലും അർഹനല്ലാത്ത മകൻ സതിക്ക് ബാധ്യത ആവാതിരിക്കാൻ അയാൾ അവനെ കൊല്ലുന്നു. ഒരു സന്തതിയുടെ നന്മയ്ക്ക് വേണ്ടി, അതിനായി മാത്രം നാമമാത്രമായ മറ്റൊരു സന്തതിയുടെ ആയുസ്സ് അവസാനിപ്പിക്കുന്നു. "ഏതു കണ്ണടയിലൂടെ ആരു നോക്കിയാലും പുണ്യം തന്നെ അഥവാ പാപം ആണെങ്കിലും വിരോധമില്ല. ഒരു ദൈവത്തിനും ഇത് പറയാൻ അവകാശമില്ല. വർഷങ്ങളായി കെഞ്ചിയിട്ട് അവനെ ഒരു മനുഷ്യനാക്കാൻ ഒരു ദൈവവും മുന്നോട്ടു വന്നില്ലല്ലോ" (2015: 76) എന്നാണ് അയാൾ ആശ്വസിക്കുന്നത്. സമുദ്രശിലയിലെ അപ്പുവിന്റെയും

ദൈവത്തിന്റെ കണ്ണിലെ മൊയമ്മദാലിയുടെയുമെല്ലാം കൊലപാതകങ്ങൾ ജീവിച്ചിരിക്കുന്നവരുടെയും കൊല്ലപ്പെട്ടവരുടെയും സ്വസ്ഥ ഭാവിയുടെ പേരിൽ ഇങ്ങനെ ന്യായീകരിക്കപ്പെടുകയും നീതീകരിക്കപ്പെടുകയും ചെയ്യുന്നു.

## നിഗമനം

കർതൃത്വത്തെപ്പറ്റിയുള്ള ആലോചനകൾ ക്രമപ്രവൃദ്ധമായിട്ടാണ് വികസിച്ചു വന്നത്. ഓരോ കാലത്തും അസമത്വം അനുഭവിക്കുന്ന പല വിഭാഗങ്ങളും തങ്ങൾക്കും കർതൃത്വം ഉണ്ടെന്ന് തിരിച്ചറിയുകയും കർതൃത്വത്തിന്റെ വലിയ സാധ്യതകൾക്കകത്തേക്ക് ഉൾച്ചേരുകയും ചെയ്തു. ഭിന്നശേഷി വ്യക്തികളെ ആശ്രിതമോ പരിമിതപ്പെട്ടതോ ആയ കർതൃത്വങ്ങളായാണ് നോവലുകൾ അവതരിപ്പിക്കുന്നത്. ഒന്നിനുപകരം മറ്റൊന്നിനെ ആശ്രയിക്കുന്ന കർതൃത്വം പരിമിതപ്പെട്ട കർതൃത്വമായി അഥവാ നിർവാഹകത്വമില്ലാത്തവരായി സങ്കല്പിക്കുന്നതിൽ പ്രവർത്തിക്കുന്ന ആധുനിക അധികാരയുക്തിയെ വിമർശനാത്മകമായി നോക്കിക്കാണുകയാണ് ഈ പ്രബന്ധത്തിൽ ചെയ്തത്. ഭിന്നശേഷി വ്യക്തികളുടെ ലൈംഗികാനുഭൂതികളെ ആഖ്യാനങ്ങൾ പരിഗണിച്ചു തുടങ്ങിയെന്നത് സത്യമാണെങ്കിലും ലൈംഗികതയെക്കുറിച്ചും കുടുംബത്തെക്കുറിച്ചുമെല്ലാമുള്ള ആധുനികത നിർമ്മിച്ചുവെച്ച ബോധ്യങ്ങളിൽ നിന്നുകൊണ്ടാണു ഇത്തരം സാഹിതീയമായ ആവിഷ്കാരങ്ങൾ നടത്തിയിട്ടുള്ളത്. അഭിലഷണീയമായ ശരീരങ്ങൾക്കു മാത്രം അർഹതപ്പെട്ടതാണ് കാമനകൾ എന്ന ബോധത്തിൽ നിന്നുകൊണ്ട് പൂർണ്ണനായ ഒരാൾ മാറിനിന്നു നോക്കുന്ന കാഴ്ചയായിട്ടാണ് അവരുടെ ലൈംഗികാനുഭൂതികളെ ചിത്രീകരിച്ചിരിക്കുന്നത്. അതുകൊണ്ട് അത് അത്ഭുതപ്പെടേണ്ടതും പരിതപിക്കേണ്ടതും കുറ്റബോധം തോന്നേണ്ടതുമായ ഒന്നായി മാറുന്നു. വ്യക്തിയിൽ നിക്ഷിപ്തമായിട്ടുള്ള കർത്തവ്യങ്ങൾ നിറവേറ്റാനുള്ള ശേഷിയാണ് ഒരാളുടെ സാമൂഹിക നിലവാരം നിശ്ചയിക്കുന്നത്. ഭിന്നശേഷി കർതൃത്വങ്ങളെ ഈ നിലവാരത്തിന് താഴെയുള്ളവരായി പരിഗണിക്കുന്നതാണ് കാണുന്നത്. സങ്കല്പനപരമായ തെളിച്ചംകൊണ്ട് മാത്രമേ സാഹിത്യാവിഷ്കാരങ്ങളിലും തുറവികൾ സാധ്യമാവുകയുള്ളൂ.

## ആധാര സൂചി

1. ആദർശ് സി., രാജേഷ് എം.ആർ., (എഡി.) സൂത്രവാക്കുകൾ, ഗയ പുത്തകച്ചാല, തൃശ്ശൂർ, 2020.
2. ജോർജ് ഓണക്കൂർ, കാമന, മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2014.
3. മുഹമ്മദ് എൻ.പി., ദൈവത്തിന്റെ കണ്ണ്, ഡിസി ബുക്സ്, കോട്ടയം, 2012.

4. രാധാകൃഷ്ണൻ സി., ഒറ്റയടിപ്പാതകൾ, പൂർണ്ണ പബ്ലിക്കേഷൻസ്, കോഴിക്കോട്, 2015.

5. ശശി കെ.വി., (എഡി.) സാമൂഹികപാഠനം സിദ്ധാന്തങ്ങളുടെ മലയാളവഴികൾ, തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല, തിരൂർ, 2020.

6. സുഭാഷ് ചന്ദ്രൻ., സമുദ്രശില, മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2019.

7. സംഗീത ശ്രീനിവാസൻ, ആസിഡ്, ഡിസി ബുക്സ്, കോട്ടയം, 2017.

8. Butler Judith, The Psychic Life of Power: Theories in Subjection, Stanford, Stanford University press, 1997.

9. Butler Judith, Gender Trouble: Feminism and the subversion of Identity, Routledge, London, 1999.

10. Donald E. Hall., Subjectivity, Routledge, New York, 2004.

11. Foucault Michel, The History of Sexuality, volume 1 (trans. Robert Hurley), Pantheon, New York, 1978.

12. Henry Abelove, Michele Aina Barale, and David Halperin, (Eds.), The Lesbian and Gay studies, Routledge, London, 1993.

13. Taylor Charles, Sources of the Self: The Making of the Modern Identity, Cambridge, Harvard University press, 1989.

*Mail ID: athiramohanak@gmail.com*